(ബി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, തൊഴിൽ സംബന്ധമായ ആനുകൂല്യങ്ങൾ, വായ്പ ലഭ്യതയ്ക്കുള്ള പരിഗണന തുടങ്ങിയവയ്ക്ക് തെളിവായി ഈ രേഖ ഉപയോഗിക്കാറുണ്ട്.

എസ്. എസ്. എ. പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ചെലവഴിച്ച തുക

118 [717] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 സാമ്പത്തിക വർഷം എസ്. എസ്. എ. പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയത്;

(ബി) ആയത് ഏതെല്ലാമാണെന്നും ഓരോന്നിനും എത്ര രൂപ ചെലവായിട്ടുണ്ടെന്നും അറിയിക്കാമോ ?

ഉത്തരം

(എ) 2004-2005 സാമ്പത്തിക വർഷം 31-12-2004 വരെ 550.38 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇനം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

വിജയശതമാനം കുറഞ്ഞ സ്കൂളുകളിൽ പഠനനിലവാരം ഉയർത്താൻ നടപടി

119 [718] * ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 മാർച്ചിലെ എസ്.എസ്.എൽ.സി., പ്ളസ്ടു പരീക്ഷകളിൽ ഏറ്റവും കുറച്ച് കുട്ടികൾ വിജയിച്ച വിദ്യാലയങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) ഈ സ്ഥാപനങ്ങൾ ഏത് ജില്ലകളിലാണ് പ്രവർത്തിക്കുന്നത്;

(സി) ഇവിടങ്ങളിൽ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) 2004 മാർച്ചിൽ നടന്ന പരീക്ഷയിൽ സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ക്കും പ്ലസ്ടുവിനും ഏറ്റവും കൂടുതൽപേരെ വിജയിപ്പിച്ച സ്ഥാപനങ്ങളും അവയുടെ ജില്ലകളും വ്യക്തമാക്കാമോ ?

ഉത്തരം

(എ) യും (ബി) യും. എസ്.എസ്.എൽ.സി. ആന്റ് പ്ലസ്ടു പരീക്ഷയ്ക്ക് വിജയശതമാനം കുറഞ്ഞ സ്കൂളുകളുടെ ലിസ്റ്റും അവ ഉൾപ്പെടുന്ന ജില്ലകളുടെ പേരും അനുബന്ധം I ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്കും പ്ലസ്ടു പരീക്ഷയ്ക്കും കുറഞ്ഞ വിജയശതമാനം കരസ്ഥമാക്കുന്ന സ്കൂളുകളിലെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ഈ സ്കൂളുകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനപരിപാടികൾ ഏറ്റെടുത്ത് നടത്താറുണ്ട്. വിജയശതമാനം 25 ന് താഴെയുള്ള സ്കൂളുകളാണ് പ്രത്യേകമായി പരിഗണിക്കാറുള്ളത്. ഇതിന്റെ ഭാഗമായി ഹെഡ്മാസ്റ്റർമാരുടേയും പ്രിൻസിപ്പൽമാരുടേയും യോഗം അക്കാദമിക് വർഷത്തിന്റെ തുടക്കത്തിൽ തന്നെ വിളിച്ച് ചേർക്കാറുണ്ട്. അദ്ധ്യാപകരുടെ ഒഴിവുകൾ യഥാസമയം നികത്തി അദ്ധ്യാപകരുടെ സേവനം ഈ സ്കൂളുകളുടെ കാര്യത്തിൽ തുടർച്ചയായി ലഭിക്കുന്ന കാര്യം ഉറപ്പുവരുത്താറുണ്ട്. സ്കീം ഓഫ് വർക്ക് തയ്യാറാക്കി അതിന് അനുസൃതമായി അദ്ധ്യാപകരുടെ സഹായത്തോടെ പാഠഭാഗങ്ങൾ യഥാസമയം തീർക്കുന്നതിന് മുൻഗണന നൽകാറുണ്ട്. ഓരോ സ്കൂളിന്റേയും പ്രവർത്തനം പല ഘട്ടങ്ങളിലായി ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാർ വിലയിരുത്താറുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ വിജയശതമാനം കരസ്ഥമാക്കുന്നവർക്ക് പ്രോൽസാഹന സമ്മാനങ്ങൾ നൽകി വരുന്നുണ്ട്.

(ഡി) ഏറ്റവും കൂടുതൽ പേരെ വിജയിപ്പിച്ച സ്കൂളുകളുടെ ലിസ്റ്റും അതുൾപ്പെടുന്ന ജില്ലയും അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പിനായി അദ്ധ്യാപക നിയമനം

120 [719] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എ. പദ്ധതിയുടെ നടത്തിപ്പിനായി ബ്ലോക്ക് റിസോഴ്സ് സെന്ററിൽ എത്ര അദ്ധ്യാപകർ വേണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെ എത്ര പേരെ നിയമിക്കാനാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്;

(സി) എത്ര അദ്ധ്യാപകരെ വീതം ഇതിനകം നിയമിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഉൾപ്പെടെ 10 പരിശീലകർ വേണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഒരു ബ്ലോക്കിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഉൾപ്പെടെ 10 പരിശീലകർ വേണമെന്നാണ് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(സി) 152 ബി. ആർ. സി. കളിലായി ഇപ്പോൾ 887 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly